**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3730** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | അരൂർ നിയോജകമണ്ഡലത്തിലെ കോടംതുരുത്ത് ഗവ.വി.വി.എച്ച്.എസ്.എസ് കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് ആലപ്പുഴ ജില്ലാകളക്ടർ ഉത്തരവായതിനെ തുടർന്ന് ആനുപാതി കമായ തുക കായികവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് 100 ലക്ഷം രൂപയുടെ സംയുക്തഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചോയെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ 19.02.2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 07.02.2025-ൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ